## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 536 08/08/2017 ൽ മറുപടിക്ക്**

## വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഉടനീളമുള്ള വ്യവസായ സംരംഭകരും, റിസർച്ച് / സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചു കൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്നൊരു ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2017-2018 വർഷത്തിലേക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരംക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |
| ബി) | യുവ സംരംഭകർക്ക് കൂടുതൽ പ്രാധാന്യം നല്കി അവരുടെ നൂതനാശയങ്ങൾക്ക് സാക്ഷാത്ക്കാരം നൽകികൊണ്ടുള്ള എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) | 1. യുവ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി.ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും ചെയ്യുന്നത് കൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.<br>2. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി, ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും സംരംഭകരെ പങ്കെടുപ്പിക്കുന്നു.<br>3. സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ഗവേഷണം നടത്തുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് എന്ന പുതിയ പദ്ധതിയും നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| സി) | സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ ജില്ലകൾ തോറും ഇ.ഡി. ക്ലബുകൾക്ക് രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കാമോ? | സി) | സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബുകൾ (Enterpreneurs Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി. ക്ലബുകളിലെ വിദ്യാർത്ഥികളിൽ സംരംഭക അവബോധം ഉണ്ടാക്കുന്നതിന് ബോധവത്കരണ പരിപാടികളും പരിശീലന ശില്പശാലകളും നടത്തിവരുന്നു . |

സെക്ഷൻ ഓഫീസർ